പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4737 — 26-06-2019-ലെ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾക്ക് മോറട്ടോറിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടും കർഷക ആത്മഹത്യ തുടരുന്ന സാഹചര്യം സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോ; | (എ) | ഉണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ കർഷകരുടെ കാർഷിക-കാർഷികേതര വായ്പകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടും കർഷക ആത്മഹത്യകൾ ഉണ്ടാകുന്നത് സർക്കാർ ഗൗരവമായാണ് കാണുന്നത്. കൃഷി ഭവൻ തലത്തിൽ കടക്കെണിയിലായ കർഷകരുടെ ആത്മവിശ്വാസം ഉയർത്തുന്നതിനായി അവബോധവും കൗൺസിലിങ്ങും നടത്തുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളെ തുടർന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി രണ്ട് ജില്ലകളിലും ലീഡ് ബാങ്ക് മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളേയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും ബാങ്ക് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും ഓരോ കേസിലും സർഫാസി നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ഈ സബ്കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2019 ഡിസംബർ 31 വരെ സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം തുടരണമെന്ന് 25.06.2019-ൽ നടന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം സർഫാസി ആക്ടിൽ നിന്നും ഒഴിവാക്കിക്കൊണ്ട് നെൽ കർഷകർക്ക് നൽകുന്ന ആനുകൂല്യം എല്ലാ വിധ കൃഷി ഭൂമിയിലും കൃഷി ചെയ്യുന്ന കർഷകർക്കും നൽകണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കാർഷിക വിളകളുടെ നഷ്ടവും വിലത്തകർച്ചയും കർഷകർക്ക് ഇരുട്ടടി ആയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാർ ഭാഗത്തുനിന്നും എന്ത് ഇടപെടലാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | നെല്ലിന് കിലോഗ്രാം രൂപ 26.30 നിരക്കിൽ സപ്ലൈകോ നെല്ല് സംഭരിച്ച് വരുന്നുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവിലയായ കിലോ ഒന്നിന് രൂപ 17.50 നിരക്കിന് പുറമെ സ്റ്റേറ്റ് ബോണസ് ആയി രൂപ 7.80 നൽകി 26.30 രൂപ നിരക്കിൽ സപ്ലൈകോ വഴി നെല്ല് സംഭരിച്ച് വരുന്നു.<br>നാളികേരത്തിന് വില കുറയുന്ന സാഹചര്യം ഉള്ളതിനാൽ പച്ചത്തേങ്ങ സംഭരണം കിലോയ്ക്ക് 27/- രൂപ നിരക്കിൽ ആരംഭിക്കുവാൻ തത്വത്തിൽ തീരുമാനം ആയിട്ടുണ്ട്.<br>പഴം-പച്ചക്കറിയുടെ വിപണനത്തിന് സൗകര്യദാതാവ് എന്ന നിലയിൽ കൃഷി വകുപ്പ് പ്രവർത്തിച്ച് വരുന്നുണ്ട്. 1128 വിപണികൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകരിൽ നിന്ന് നേരിട്ട് പഴം-പച്ചക്കറികൾ സംഭരിക്കുന്നുണ്ട്.<br>കൃഷി വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും, 5 ജില്ലാ സംഭരണ കേന്ദ്രങ്ങളും മുഖേന കർഷകർക്ക് ലേലം വഴി ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. VFPCK തങ്ങളുടെ 287 സ്വാശ്രയ കർഷക സമിതികളിലൂടെ വിപണനം നടത്തിവരുന്നുണ്ട്.<br>സംസ്ഥാനത്തെ പ്രധാന സംഭരണ ഏജൻസിയായ ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകരിൽ നിന്നും ന്യായവില നൽകി ഉല്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഹോർട്ടികോർപ്പിന് സംഭരണ കേന്ദ്രങ്ങൾ ഉണ്ട്. കൂടാതെ ഹരിപ്പാട്ടും ചടയമംഗലത്തും ആയി ഉപകേന്ദ്രങ്ങളും ഉണ്ട്.<br>ഇത്തരം ഇടപെടലുകളിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള ഇടപെടലുകൾ വകുപ്പ് നടത്തി വരുന്നത് കർഷകർക്ക് വളരെയധികം പ്രയോജനം ചെയ്ത് വരുന്നുണ്ട്. |
| (സി) | കർഷകർ എടുത്തിട്ടുള്ള കാർഷികവായ്പ അല്ലാത്ത കടങ്ങളും 2019 ഡിസംബർ 31 വരെ പ്രഖ്യാപിച്ച മോറോട്ടോറിയത്തിന്റെ പരിധിയിൽ വരുമോ; | (സി) | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ |

| | | | |
|---|---|---|---|
| | | | വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനം, മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്കാണ് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം അനുവദിച്ചിരിക്കുന്നത്. |
| (ഡി) | ഇക്കാര്യത്തിൽ ദേശസാൽകൃത ബാങ്കുകൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാക്കിയാണ് സർക്കാർ ഉത്തരവിറക്കിയിട്ടുള്ളത്. 25.06.2019-ൽ നടന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ മൊറട്ടോറിയം 2019 ഡിസംബർ 31 വരെ തുടരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സർഫാസി ആക്ടിൽ നിന്നും ഒഴിവാക്കിക്കൊണ്ട് നെൽ കർഷകർക്ക് നൽകുന്ന ആനുകൂല്യം എല്ലാവിധ കൃഷിഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്കും നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**